<u>പതിമൂന്നാം കേരള നിയമസഭ</u>

ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ :3429</u>

<u>18.02.2013 - ൽ</u>
<u>മറുപടിക്ക്</u>

# നാളികേര - ബയോപാർക്കുകൾ

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഇപ്പോൾ എവിടെയെല്ലാമാണ് നാളികേര-ബയോപാർക്കുകൾ സ്ഥാപിച്ചിട്ടുള്ളത് ; | (എ) | 28/07/2012-ലെ സ.ഉ.(എം.എസ്.)187/2012/കൃഷി പ്രകാരം സംസ്ഥാനത്ത് മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് കാർഷിക സർവ്വകലാശാല സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. ദക്ഷിണ മേഖലയിലും, മധ്യമേഖലയിലും, ഉത്തരമേഖലയിലുമായി ഓരോ ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) നാളികേര – ബയോപാർക്കിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | (ബി) | നാളീകേര ഉല്പന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവുമാണ് നാളീകേര ബയോപാർക്ക് സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. കൊപ്രയിലും വെളിച്ചെണ്ണയിലുമായി നാളീകേര സംസ്കരണം കേന്ദ്രീകരിക്കാതെ ദേശീയ പാനീയമായി പ്രഖ്യാപിച്ചു കഴിഞ്ഞ ഇളനീരുൾപ്പെടെയുള്ള ഉല്പന്ന വൈവിധ്യ വൽക്കരണമാണ് ബയോപാർക്കുകളിലൂടെ പ്രാവർത്തികമാക്കുന്നത്. |
| (സി) എന്തെല്ലാം ഉത്പന്നങ്ങളാണ് പ്രസ്തുത പാർക്കിൽ ഉത്പാദിപ്പിക്കുന്നത് ; | (സി) | നാളീകേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡസ്സിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, സ്പ്രേ ഡ്രൈഡ് മിൽക്ക് പൗഡർ, വെർജിൻ വെളിച്ചെണ്ണ, പാക്ക് ചെയ്ത ഇളനീർ, നാളീകേര വിനാഗിരി, ചിരട്ടപ്പൊടി, ഷെൽ ചാർക്കോൾ, ആക്റ്റിവേറ്റഡ് കാർബൺ തുടങ്ങിയ ഉല്പന്നങ്ങളെല്ലാം കോക്കനട്ട് ബയോപാർക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ